**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - എ.എം. എച്ച്.എസ്.എസ്. ചെമ്മണ്ണൂർ സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ സുബി സി.ജെ. ഫയൽ ചെയ്ത റിട്ട് ഹർജി നം. 13985/2024 -ൽ 10/03/2026 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.5281/2026/GEDN തീയതി,തിരുവനന്തപുരം, 05-08-2026

---

പരാമർശം:-

1. റിട്ട് ഹർജി നം. 13985/2024 -ൽ 10/03/2026 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
2. ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25.05.2026, 14.06.2026 തീയതിയിലെ DEOCKD/1508/2026-B2 നമ്പർ റിപ്പോർട്ടുകൾ.
3. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 08.06.2026 തീയതിയിലെ DDETSR/2233/2026-B4 നമ്പർ റിപ്പോർട്ട്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.06.2026 തീയതിയിലെ DGE/9456/2026-EC5 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

ചെമ്മണ്ണൂർ എ.എം. എച്ച്.എസ്.എസ്. -ലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ സുബി സി.ജെ. ഫയൽ ചെയ്ത റിട്ട് ഹർജി നം. 13985/2024 -ൽ 10/03/2026 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (1) വിധിന്യായ പ്രകാരം, 30.01.2022 തീയതിയിലെ റിവിഷൻ പെറ്റീഷൻ പുനഃപരിശോധിക്കുന്നതിനും Ext. P22 പരിഗണിച്ച് വിധിപ്പകർപ്പ് കിട്ടി 3 മാസത്തിനകം ഹർജിക്കാരെ കേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാനും സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ 10.06.2026 തീയതിയിൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ചെമ്മണ്ണൂർ എ എം എച്ച് എസ് -ലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ സുബി സി.ജെ. യുടെ 01.06.2020 മുതലുള്ള നിയമനം അംഗീകരിച്ച് നല്കണമെന്ന് റിവിഷൻ ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

4. പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. ചെമ്മണ്ണൂർ എ എം എച്ച് എസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ സി യു

സദാശിവൻ 31.05.2019 ന് വിരമിച്ച ഒഴിവിൽ ശ്രീ ഇ ടി ഉണ്ണികൃഷ്ണനെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 03.09.2019 മുതൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. സ്ഥിരം ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ സാധിക്കില്ല എന്ന കാരണത്താൽ ടി നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചിരുന്നു. തുടർന്ന് ശ്രീ സി ജെ സുബിയെ 01/06/2020 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ മാനേജർ നിയമിച്ചു. മതിയായ രേഖകൾ സമർപ്പിച്ചിട്ടില്ലാത്തതിനാലും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ മാനേജർ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ച ശ്രീ ഇ ടി ഉണ്ണികൃഷ്ണന്റെ വിടുതൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലാത്തതിനാലും, 2020-2021 അധ്യയന വർഷത്തെ തസ്തികനിർണ്ണയ നടപടി പൂർത്തിയാക്കാത്തതിനാലും ടി നിയമനം ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. 01/06/2019 മുതലുള്ള ഒഴിവിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ എന്നും ടി നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല, പുതിയ സ്കൂളുകളുടെ ഗണത്തിൽപ്പെട്ട ഈ സ്കൂളിൽ കേരള വിദ്യാഭ്യാസ ചട്ടം, അദ്ധ്യായം 21, ചട്ടം 7 (3) പ്രകാരം സംരക്ഷിതാധ്യാപക നിയമനം സംബന്ധിച്ച വിവരങ്ങൾ പരാമർശിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ നിയമനം നിരസിച്ചു. 2019-20 അധ്യയന വർഷത്തിലെ തസ്തികനിർണയം 2020-21 ലും തുടരാൻ സർക്കാർ ഉത്തരവ് ആയതിനാൽ, നിയമന പ്രൊപ്പോസൽ പുനഃപരിശോധിച്ചതിൽ, നിയമനാർത്ഥിക്ക് 01.01.2020 ന് 36 വയസ്സ് പൂർത്തിയായതിനാൽ ടി നിയമനം ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ വീണ്ടും നിരസിച്ചു. 04/05/1983 ജനനത്തീയതിയായ ശ്രീ സി ജെ സുബിക്ക് നിയമനതീയതിയിൽ, നിയമനത്തിനുള്ള പ്രായപരിധി അധികരിച്ചിട്ടുള്ളതാണ്, ഉയർന്ന പ്രായപരിധി സംബന്ധിച്ച് ബഹു. ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടെങ്കിലും പ്രസ്തുത വിധിക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതാണ് എന്നീ കാരണങ്ങളാൽ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ നിയമനം നിരസിച്ചു. ഇതിനെതിരെ ടിയാൾ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 24292/2021 മേലുള്ള 05.11.2021 ലെ വിധിന്യായം പാലിച്ചുകൊണ്ട് കേരള വിദ്യാഭ്യാസ ചട്ടം അധ്യായം 1, ചട്ടം 3 പ്രകാരം പ്രായപരിധിയിൽ ഇളവ് നൽകിക്കൊണ്ട് നിയമനം അംഗീകരിക്കണമെന്ന ഹർജിക്കാരന്റെ ആവശ്യം 05.03.2022 ലെ സ.ഉ. (സാധാ) നം. 1321/ 2022/ പൊ.വി.വ പ്രകാരം നിരസിച്ചിരുന്നു. തുടർന്ന് മാനേജരും ശ്രീ സി ജെ സുബിയും ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 10634/2022 മേലുള്ള 21.02.2023 ലെ വിധിന്യായ പ്രകാരം മേൽ സർക്കാർ ഉത്തരവ് റദ്ദാക്കുകയും ഹർജിക്കാരന്റെ ആവശ്യം പുനഃപരിഗണിക്കുന്നതിന് ഉത്തരവായെങ്കിലും 28.02.2024 ലെ സ.ഉ. (സാധാ) നം. 1617/2024/പൊ വി വ പ്രകാരം റിവിഷൻ ഹർജി നിരസിക്കപ്പെട്ടു. ശ്രീ സി ജെ സുബിയെ 01/06/2020 മുതൽ നിയമിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ മാനേജർ ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചതിൽ പ്രധാനാധ്യാപകന്റെ ജോയിനിംഗ് റിപ്പോർട്ട് പ്രകാരം 01/06/2020 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ശ്രീ സി ജെ സുബിയുടെ നിയമന തീയതി 30/12/2019 ആയിട്ടുള്ള നിയമന പ്രൊപ്പോസൽ മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിട്ടില്ല എന്നും തൊഴിയൂർ സെന്റ് ജോർജ് എച്ച് എസിലെ ശ്രീമതി ജിജി പി സൈമൺ 05/09/2003 മുതൽ 31/03/2023 വരെ സംരക്ഷിതാധ്യാപികയായി ടി സ്കൂളിൽ ജോലി ചെയ്യുകയും, ടിയാൾ 31/03/2023 ന് വിരമിച്ചതിനെ തുടർന്ന് എച്ച്.എസ് പെങ്ങാമുക്കിലെ എച്ച് എസ് ടി (ഹിന്ദി) ശ്രീമതി റീജ സി ജോർജ് സംരക്ഷിതാധ്യാപികയായി 04.07.2023 ലെ DDETSR/6338/2022-B5 തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് പ്രകാരം ടി സ്കൂളിൽ 07/07/2023 മുതൽ തുടരുന്നുവെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്. നിയമനാർത്ഥിയായ ശ്രീ സി ജെ സുബി യുടെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് പ്രകാരം ടിയാൾ ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുന്നു.

നിയമനാർഥിയുടെ ജനനത്തീയതി 04/05/1983 ആണ്. ടിയാൾക്ക് 01.01.2020 ന് 36 വയസ്സ് കഴിഞ്ഞതിനാൽ ശ്രീ സി ജെ സുബിയുടെ 01/06/2020 മുതലുള്ള നിയമനം പരിഗണനാർഹമല്ല എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കേരള വിദ്യാഭ്യാസ ചട്ടം അധ്യായം 24 (ബി), ചട്ടം 5 -ൽ എയ്ഡഡ് സ്കൂൾ അനധ്യാപകരുടെ നിയമനത്തിനുള്ള പരമാവധി പ്രായം, അതിന്മേലുള്ള ഇളവുകൾ എന്നിവ സർക്കാർ സ്കൂളുകളിലേതിന് സമാനമായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. കേരള വിദ്യാഭ്യാസ ചട്ടം അധ്യായം 14 എ, ചട്ടം 1 (2) പ്രകാരം സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള പ്രായപരിധി നിശ്ചയിക്കുന്നത് നിയമനം നടത്തുന്ന വർഷത്തിലെ ജനുവരി 1 തീയതി അടിസ്ഥാനമാക്കിയാണ്. നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം അനധ്യാപക ജീവനക്കാർക്ക് സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള പ്രായപരിധി 36 വയസ് ആണ്. ശ്രീ സി ജെ സുബി യ്ക്ക് 01.01.2020 ന് 36 വയസ്സ് കഴിഞ്ഞതിനാൽ ടിയാളുടെ 01/06/2020 മുതലുള്ള നിയമനം പരിഗണനാർഹമല്ല. റിട്ട് പെറ്റിഷൻ 13985/2024 ലെ Ext P1 ജോയിനിംഗ് റിപ്പോർട്ട് പ്രകാരം ഹർജിക്കാരനെ 30.12.2019 മുതൽ തസ്തികയിൽ നിയമിച്ചിരുന്നു എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, റിവിഷൻ പെറ്റീഷൻ പുനഃപരിശോധിക്കുന്നതിനും ബഹു. ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ, KER-ലെ അധ്യായം 14A, റൂൾ 7 പ്രകാരം, ഒരു സ്കൂളിൽ അധ്യാപകനെ നിയമിച്ചാലുടൻ മാനേജർ നിയമന ഉത്തരവ് (ഫോം 27-ൽ) നൽകേണ്ടതുണ്ട്; കൂടാതെ, നിയമനം യഥാവിധി അംഗീകരിക്കപ്പെടുന്ന പക്ഷം, അധ്യാപകൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ നിയമനം പ്രാബല്യത്തിൽ വരുന്നതുമാണ്. Ext P1 ഒരു സാധുവായ നിയമന ഉത്തരവല്ല. അതിനാൽ 30.12.2019 തീയതി കണക്കാക്കി നിയമനം അംഗീകരിക്കണമെന്ന വാദം നിലനിൽക്കുന്നതല്ല. ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പതിനഞ്ച് ദിവസത്തിനുള്ളിൽ ഡയറക്ടർ നിശ്ചയിച്ചിട്ടുള്ള രീതിയിൽ, മാനേജരും അധ്യാപകനും ഒപ്പിട്ട നിയമന ഉത്തരവിന്റെ മൂന്ന് പകർപ്പുകൾ അംഗീകാരത്തിനായി മാനേജർ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ഇതിനൊപ്പം ഡയറക്ടർ ആവശ്യപ്പെടുന്ന വിവരങ്ങളും രേഖകളും കൂടി സമർപ്പിക്കേണ്ടതുണ്ട്.

KER-ലെ അധ്യായം 14A, റൂൾ 8(4) പ്രകാരം താഴെ പറയുന്ന വ്യവസ്ഥയുണ്ട്:

> *(4) സബ്-റൂൾ (1)-ൽ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ, ഡയറക്ടർ നിശ്ചയിച്ചിട്ടുള്ള രീതിയിൽ നിയമന ഉത്തരവും മറ്റ് ആവശ്യമായ വിവരങ്ങളും സമർപ്പിച്ചിട്ടില്ലെങ്കിൽ, അത്തരമൊരു നിയമനം പ്രാബല്യത്തിൽ വന്നിട്ടില്ലെന്ന് കണക്കാക്കേണ്ടതാണ്.*

6. മേൽ സാഹചര്യത്തിൽ, Ext P1 ജോയിനിംഗ് റിപ്പോർട്ട് ഒരു സാധുവായ നിയമന ഉത്തരവല്ലാത്തതിനാൽ 30.12.2019 തീയതി കണക്കാക്കി നിയമനം അംഗീകരിക്കണമെന്ന വാദം നിലനിൽക്കുന്നതല്ല. ടിയാൾക്ക് 01.01.2020 ന് നിയമനത്തിനുള്ള നിശ്ചിത പ്രായപരിധി കഴിഞ്ഞതിനാൽ ടിയാളുടെ 01/06/2020 മുതലുള്ള നിയമനവും പരിഗണനാർഹമല്ല. പ്രസ്തുത സാഹചര്യത്തിൽ, ചെമ്മണ്ണൂർ എ എം എച്ച് എസ് ലെ ഓഫീസ് അറ്റൻഡന്റ് ആയ ഹർജിക്കാരന്റെ റിവിഷൻ പെറ്റീഷൻ നിരസിച്ച് അപ്രകാരം ശ്രീ സുബി സി.ജെ. ഫയൽ ചെയ്ത റിട്ട് ഹർജി നം.

13985/2024 -ൽ 10/03/2026 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (അറിവിലേക്കായി)
ശ്രീമതി സുബി സി.ജെ., ഓഫീസ് അറ്റൻഡന്റ്, എ.എം. ഹയർസെക്കണ്ടറി സ്കൂൾ, ചെമ്മണ്ണൂർ, തൃശ്ശൂർ 680 517.
മാനേജർ, എ.എം. ഹയർസെക്കണ്ടറി സ്കൂൾ, ചെമ്മണ്ണൂർ, തൃശ്ശൂർ 680 517.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചാവക്കാട്.
വിവര പൊതുജനസമ്പർക്ക വെബ്&ന്യൂ മീഡിയ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/72/2026-G.EDN).

ഉത്തരവിൻ പ്രകാരം
Digitally signed by
Resmi Babu
Date: 06-08-2026
10:36:15
സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.